# എൻ. വി.-നവോത്ഥാന നായകൻ

## പി. ഗോവിന്ദപിള്ള

**ബ**ഹുമുഖ പ്രതിഭ എന്ന വാക്കിന് ചിരപരിചയം കൊണ്ട് തേയ്മാനം സംഭവിച്ചെങ്കിലും ജീവിതത്തിന്റെ വിവിധ മേഖലകളിൽ വ്യാപരിച്ച് അവയിലെല്ലാം വ്യക്തിമുദ്രപതിച്ച എൻ.വി. കൃഷ്ണവാരിയരെ മററ് ഏതു വിധത്തിലാണ് വിശേഷിപ്പിക്കുക? അദ്ദേഹം വിവിധ ഭാഷകളിലും വ്യാകരണവും അത്യാധുനിക സാങ്കേതിക വിദ്യയും പോലെ പരസ്പരവിരുദ്ധമായ വിഷയങ്ങളിലും അവഗാഹം നേടിയിരുന്നു. അതേസമയം മൗലികമായ സർഗശക്തിയുള്ള ഒരു കവിയും ആയിരുന്നു അദ്ദേഹം. കാൽപനികതയുടെ മധുരോദാരമായ ലളിത കോമള പദാവലികളിൽ മദിച്ച് പുളച്ച് കഴിഞ്ഞിരുന്ന കാലഘട്ടത്തിലാണ് തന്റെ "നീണ്ട കവിതകളും" "കുറെക്കൂടി നീണ്ട കവിതകളും" മുഖേന പരുക്കൻ യാഥാർത്ഥ്യങ്ങളുടെയും പൊള്ളുന്ന സൗന്ദര്യത്തിന്റെയും ഒരു പുതുയുഗത്തിന് എൻ. വി. തുടക്കം കുറിച്ചത്,

പരമ്പരാഗത രീതിയിൽ സംസ്കൃതവും ആർഷ സംസ്കാരവും ആവോളം സ്വാംശീകരിച്ച എൻ.വി. രാഷ്ട്രീയത്തിൽ ഒരു കലാപകാരിയായിട്ടാണ് യൗവന കാലത്ത് രംഗപ്രവേശം ചെയ്തത്. 1940 കളുടെ ആദ്യം ആഗമാനന്ദ സ്വാമികളുടെ കീഴിലുള്ള കാലടിയിലെ ബ്രഹ്മാതോദയം ഹൈസ്കൂളിൽ അധ്യാപകനായി അദ്ദേഹം ജോലിനോക്കിക്കൊണ്ടിരുന്ന കാലത്താണ് ഞാനും സ്വാമികളുടെ അന്തേവാസിയായി ആശ്രമത്തിൽ ചെന്നുപെട്ടത്. അക്കാലത്ത് 1942 ലെ ആഗസ്റ്റ് സമരത്തിൽ ഞാൻ പങ്കാളിയാകാനും അങ്ങനെ സന്യാസത്തിന്റെ മാർഗ്ഗത്തിൽ നിന്നും രാഷ്ട്രീയത്തിലേക്ക് തിരിയാനും ഇടയായത് എൻ. വി. യുടെ സ്വാധീനത്തിലൂടെയാണ്. 1942-ലെ കോൺഗ്രസ് സമരത്തിന് നേതൃത്വം നൽകിയ ഒളിവ് സംഘടനയുടെ പ്രചാരകനും പത്രാധിപരും ആയിരുന്ന എൻ. വി. പിൽകാലത്ത് കോൺഗ്രസിലെ തന്നെ ഇടതുപക്ഷത്തിലേക്ക് തിരിഞ്ഞപ്പോൾ ഞാൻ കോൺഗ്രസിന് പുറത്തെ കമ്യൂണിസത്തിലേക്കാണ് തിരിഞ്ഞത്. 1946-ൽ കൊച്ചി മഹാരാജാവ് പ്രഖ്യാപിച്ച ഐക്യകേരള പരിപാടിയെ "ബ്രിട്ടീഷ് കമ്മട്ടത്തിൽ അടിച്ച കള്ളനാണയം" എന്ന് ഇ. എം. എസ്. അധിക്ഷേപിച്ചപ്പോൾ അതേ നയം തന്നെ ഉയർത്തിപ്പിടിച്ചുകൊണ്ട് എൻ. വി. കൃഷ്ണവാരിയർ സോഷ്യലിസ്റ്റ് പാർട്ടിയുടെ പേരിൽ തൃശ്ശൂരിലെ ഐക്യകേരള സമ്മേളനത്തിൽ നിന്ന് ഇറങ്ങിപ്പോക്ക് നടത്തി പ്രതിഷേധ പ്രകടനത്തിന് നേതൃത്വം നൽകിയതിന് ഞാൻ ദൃക്സാക്ഷിയാ

യിരുന്ന കേളപ്പനാണ് ഈ ഐക്യകേരള സമ്മേളനത്തിന് നേതൃത്വം നൽകിയത് എന്ന വസ്തുത യുവാവായ കൃഷ്ണവാരിയരെ തന്റെ പ്രതിഷേധയജ്ഞത്തിൽനിന്നും പിൻതിരിപ്പിച്ചില്ല. ഈ ഇടതുപക്ഷരാഷ്ട്രീയം അദ്ദേഹത്തിന്റെ കവിതകളിൽ മാത്രമല്ല ലേഖനങ്ങളിലും പ്രഭാഷണങ്ങളിലും കഴിഞ്ഞ ഒരു പത്തുപതിനഞ്ച് വർഷം മുൻപുവരെ പ്രതിഫലിച്ചിരുന്നു. 1970 കളിലെ ഇന്ദിരാഗാന്ധിയുടെ ഇടതുപക്ഷ നാട്യങ്ങൾ മററു പലരെയും എന്നപോലെ എൻ. വി. യേയും ആശയക്കുഴപ്പത്തിലാക്കി എന്ന വസ്തുത വിസ്മരിക്കേണ്ടതില്ല

ഭാഷക്കും, സാഹിത്യത്തിനും എൻ. വി. നൽകിയ അനുപമമായ സംഭാവനകൾ വ്യാകരണം, നിരൂപണം, കവിത എന്നിവയിൽ മാത്രം ഒതുങ്ങുന്നില്ല. അവയിലെല്ലാം അദ്ദേഹത്തിന്റെ സംഭാവന മൗലികവും വിലയുററതും ആയിരുന്നു. ആധുനിക യന്ത്രസാങ്കേതിക യുഗത്തിന് അനുയുക്തമായ രീതിയിൽ ലിപിപരിഷ്കാരം, അക്ഷരവിന്യാസക്രമീകരണം, വിജ്ഞാനസാഹിത്യരചന, റഫറൻസ് ഗ്രന്ഥനിർമ്മാണം മുതലായ രംഗങ്ങളിൽ എൻ. വി. വരുത്തിയ പരിഷ്കാരങ്ങൾ ഇന്നു മലയാളിയുടെ ഭാഷാസാഹിത്യജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. ഈ രംഗങ്ങളിലെല്ലാം പഴമയുടെ വക്താക്കളെ ചെറുത്തുനിൽക്കാൻ പുതിയ തലമുറയ്ക്കു കരുത്ത് നൽകിയത് പഴമക്കാർക്കും തള്ളിപ്പറയാൻ നിവൃത്തിയില്ലാത്ത എൻ വി. യുടെ നേതൃത്വമാണ്. വിശ്വവിജ്ഞാനഭണ്ഡാഗാരത്തിൽനിന്നും കഴിയുന്നത്ര ഈടുവയ്പുകൾ മലയാളികൾക്ക് അഭിഗമ്യമാക്കാൻ ഭാഷാ ഇൻസ്റ്റിററ്യൂട്ടിന്റെ സ്ഥാപക ഡയറക്ടർ എന്ന നിലയിൽ എൻ. വി. ചെയ്തസേവനം നമ്മുടെ ഭാഷാചരിത്രത്തിലെ അവിസ്മരണീയമായ ഒരു അദ്ധ്യായമാണ്.

വിദ്യാഭ്യാസത്തിന്റെയും ഭരണത്തിന്റെയും മാദ്ധ്യമം മാതൃഭാഷയാകുക എന്നത് എൻ. വി. യുടെ ആജീവനാന്ത ദൗത്യങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു. അതിന് ആവശ്യമായ അനേകം കരുക്കൾ അദ്ദേഹം നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഈ രംഗത്തെ മന്ദഗതിയും പരാജയങ്ങളും അവസാനകാലത്തെ അദ്ദേഹത്തിന്റെ നിരാശകൾക്കും മാനോവേദനകൾക്കും കണക്കിലേറെ കാളിമ നൽകി.

1950 കളിൽ സജീവ രാഷ്ട്രീയം വിട്ട് മദിരാശിയിൽ ഗവേഷണബിരുദം നേടി മാതൃഭൂമിവാരികയുടെ പത്രാധിപരായി ചേർന്നതിനുശേഷം മലയാള കാലിക പ്രസിദ്ധീകരണ മേഖലയിൽ ഉണ്ടായ അനവധി പരിഷ്കാരങ്ങൾക്ക് തുടക്കംകുറിച്ചത് എൻ. വി. യാണ്. ഇന്ന് പ്രശസ്തിയുടെ കൊടുമുടിയിൽ പ്രകാശം ചൊരിഞ്ഞു നിൽക്കുന്ന അനവധി സാഹിത്യകാരന്മാരും സാഹിത്യകാരികളും എൻ. വി. യുടെ ഹസ്താവലംബത്തിലാണ് ഉയർന്നു വന്നത് എന്ന വസ്തുത അനിഷേധ്യമത്രേ. കവിയോ, കഥാകാരനോ, ആകണമെങ്കിൽ ഒരിക്കലെങ്കിലും മാതൃഭൂമി വാരികയിൽ പ്രത്യക്ഷപ്പെട്ടിരിക്കണമെന്ന അലിഖിത നിയമം നിലവിൽ വന്നത് എൻ. വി. യുടെ മാതൃഭൂമി പത്രാധിപത്യത്തോടു കൂടിയാണ് എന്നു പറഞ്ഞാൽ തെററില്ല. മാതൃഭൂമിയിൽ നിന്ന് പിന്നീട് എൻ. വി ബഹിഷ്കൃതനായതിന്റെയും ഒടുവിൽ തിരിച്ചു വന്ന് വിവാദങ്ങളിൽ മുങ്ങിപ്പോയതിന്റെയും മററും കഥ പറയേണ്ട സമയം ഇതല്ലല്ലോ.

മലയാള ഭാഷയ്ക്കും സാഹിത്യത്തിനും മലയാളിയുടെ ചിന്തക്കും എൻ. വി. കൃഷ്ണവാരിയർ നൽകിയ മഹൽ സംഭാവനകളെയും അഭൂതപൂർവ്വമായ വ്യാപ്തിയേയും പരിഗണിക്കുമ്പോൾ അദ്ദേഹത്തിന്റെ മുൻ മുറക്കാരായി നമ്മുടെ സ്മരണയിൽ എത്തുന്നത് മഹാനായ രാജരാജ വർമ്മയും കലാപകാരിയായ കേസരി ബാലകൃഷ്ണപിള്ളയും ആണ്.

നവീന ചിന്തയുടെ തീഷ്ണകാണ്ഡങ്ങളിൽ വിഹരിച്ചിരുന്ന കേസരി ചിലപ്പോൾ നിരർത്ഥകമായ അരാജകവാദത്തിലേക്കും ബാലിശമായ അപക്വഭാവനകളിലേക്കും വഴുതി വീഴാറുള്ളതുപോലെ എൻ വി. യും പലപ്പോഴും കാൽ തെററി വീഴാറുണ്ട്—പ്രത്യേകിച്ചും മാതൃഭൂമിയിലെ അദ്ദേഹത്തിന്റെ അവസാനത്തെ ഊഴക്കാലത്ത്. പക്ഷെ അതൊക്കെ അദ്ദേഹത്തിന്റെ മഹത്വത്തിന്റെ ചന്ദ്രികയിലെ നേരിയ കളങ്കങ്ങൾ മാത്രം.

എൻ വി. കൃഷ്ണവാരിയരുടെ ലളിതമായ ജീവിതശൈലിയും വാത്സല്യമസൃണമായ പെരുമാററ മര്യാദയും അദ്ദേഹത്തെ അനേകായിരം സാഹിത്യ പ്രണയികൾക്കും വിജ്ഞാനകുതുകികൾക്കും ആദരണീയനായ അദ്ധ്യാപകനാക്കി.

അദ്ധ്യാപകവൃത്തിയിൽ ആരംഭിച്ച ആ മഹൽ ജീവിതം ആദ്യന്തം കേരളത്തിന്റെ മുഴുവൻ അദ്ധ്യാപകനായി ചിലവഴിക്കപ്പെട്ടു തെളിമയുള്ള ആ കൈപ്പടയും ശാന്തമെങ്കിലും അർത്ഥഗംഭീരമായ ആ സ്വരവും ഇനി കാണില്ലല്ലോ. കേൾക്കില്ലല്ലോ എന്ന് ഓർക്കുമ്പോൾ ഇടനെഞ്ചിൽ എവിടെയോ ഞെരുക്കം അനുഭവപ്പെടുന്നു. പാരമ്പര്യവും ആധുനികതയും, അതേപോലെ ശാസ്ത്രസാങ്കേതിക വിദ്യയും സാഹിത്യകലാ സൗരഭ്യവും ഒരേപോലെ സമന്വയിച്ച എൻ. വി. കൃഷ്ണവാരിയർ ആധുനികകേരളത്തിന്റെ നവോത്ഥാന ശിൽപികളിൽ ഒരാളായി സ്മരിക്കപ്പെടും. ആ മഹാപ്രതിഭയുടെ സ്മരണക്കുമുൻപിൽ സമസ്ത കേരളത്തോടുമൊപ്പം ആയിരം പ്രണാമം.